# TECH BOOK
## 2020

LITTLE KITES
Peringulam

little KITEs

ST AUGUSTINE'S HIGH SCHOOL
PERINGULAM

# OUR PATRON




# SAINT AUGUSTINE



# ആമുഖം

ഇന്റർനെറ്റിന്റെയും കമ്പ്യൂട്ടറിന്റെയും മാസ്മരിക ലോകമായ ഇന്ന് I.T മേഖലയ്ക്ക് പുതുതലമുറയിൽ വളരെയധികം പ്രാധാന്യമുണ്ട് അതിവേഗം കുതിച്ചുയരുന്ന സാങ്കേതികനേട്ടങ്ങൾക്ക് പിന്നിൽ നൂതന കണ്ടുപിടുത്തങ്ങളുടെയും ഗുണമേന്മയുള്ള ഉപകരണങ്ങളുടെയും സഹായം അത്യന്ത്യാപേക്ഷിതമാണ്.

പഠനമേഖലയിൽ പുരോഗതിയും വ്യാപ്തിയും നേടുന്നതിൽ LITTLE KITES എന്ന പുതിയ സംരംഭം കുട്ടികളെ I.T. മേഖലയിൽ കൂടുതൽ പ്രാവിണ്യമുള്ളവരാക്കുന്നു. Editing, Animation, Malayalam typing തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികളിൽ താല്പര്യവും ശ്രദ്ധയും സാങ്കേതികമികവും വർധിപ്പിക്കുന്നു . കുട്ടികളുടെ കലാപരമായ കഴിവുകൾ വ്യത്യസ്തവും ആകർഷിതവും ലളിതവുമായ രീതിയിൽ ആവിഷ്കരിക്കുകയാണ് ലിറ്റിൽ കൈറ്റ്സിന്റെ ഈ ഡിജിറ്റൽ മാഗസിൻ. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും സ്വതന്ത്രരചനകളെ പ്രകാശനം ചെയ്യാൻ ഈ മാഗസിനിലൂടെ സാധിക്കുന്നു. വായനയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്ന യുവതലമുറയക്ക് ഇന്റർനെറ്റിന്റെ സഹായത്തോടെ സാഹിത്യലോകത്തും കലാലോകത്തും ശ്രദ്ധ പതിപ്പിക്കാൻ ഈ മാഗസിൻ ഒരു വഴികാട്ടിയാകട്ടെ. അക്ഷരലോകത്ത്

അറിവുള്ളവരായി പ്രശോഭിക്കുവാനും ആസ്വാദനത്തിനും സർ ഗാത്മക ചിന്തകൾക്കും കാരണമാകട്ടെയെന്നും ആശംസിക്കുന്നു. വിദ്യാഭ്യാസരംഗത്ത് ഇത്തരം നൂതനാവിഷ്കാരങ്ങളും പദ്ധതികളും എക്കാലവും ഉയർച്ചയിലേക്ക് നയിക്കുന്ന ഒരു മാർഗ്ഗദീപമാകട്ടെ എന്ന പ്രതീക്ഷയോടെ.......................



# *OUR MANAGER*



## *Rev. Fr. Mathew Parathottiyil*

# *Assistant Manager*



***Rev. Fr. George Ponnamvarickayil***

# OUR HEADMASTER



## Sri. Aloysious Abraham



KITE MASTER

Sri.Josukutty Jacob



KITE MISTRESS

Sr.Lissiamma Joseph

# OUR PROMOTERS



## ***EDITORIAL BOARD***



















# ഉള്ളടക്കം

1. Words Of Our Headmaster
2. എഡിറ്റോറിയൽ
3. എന്റെ വീടായ വിദ്യാലയം
4. ലിറ്റിൽ കൈറ്റ്സ് വാർഷിക റിപ്പോർട്ട്
5. Mother
6. ദൈവത്തിന്റെ ഷൂസ് പോളീഷ് ചെയ്യാൻ
7. കരളലിയിക്കുന്ന ഓർമ്മ
8. ഉപന്യാസം
9. കാർമേഘം
10. മരം വെട്ടല്ലേ
11. ഉടഞ്ഞ മൺപാത്രം
12. പൈഥഗോറസ്
13. ഫലിതം
14. A True Servant
15. അണക്കെട്ടുകൾ
16. General Quiz

17. മഹദ്വചനങ്ങൾ
18. Mother To Son
19. *समयनिष्ठता का  महत्व*
20. short story
21. school Discipline
22. ഗണിതശാസ്ത്രം ശാസ്ത്രങ്ങളുടെ രാജ്ഞി
23. നന്ദി



# WORDS OF OUR HEADMASTER



*Dear students,*

*2020 is not a mere year. I see it with a magnanimous vision to see our LITTLE KITES members are growing very fast in their knowledge.*

*It is not only with the deep study of subjects but also in their intellectual capacity to develop modern skills related with computers. If it goes the right way, their will be a good future. Wish all the best and success to Tech-Book.*

*Your Faithful*

*Head Master*

# എഡിറ്റോറിയൽ



ഇത് 21-ാം നൂറ്റാണ്ട്.വിവരവിനിമയ
സാങ്കേതികവിദ്യയ്ക്ക് വേഗത കൂട്ടിക്കൊണ്ട് ഈ പുതുതലമുറയിൽ
നിന്നൊരു പുത്തനാശയം .

‘TECH BOOK’

സാധ്യതകളുടെ കുതിപ്പിന് തുടക്കമിട്ടുകൊണ്ട്
പടർന്നുപന്തലിക്കാൻ വെമ്പുന്ന കടുകുമണി വിത്തുപോലെ, ഈ
സംരംഭം ഇവിടെ ആരംഭിക്കുന്നു.
വികസനകാലത്ത് വികസിത ആശയങ്ങളുടെ രൂപഘടനയാകാൻ
ഇതിനു കഴിയട്ടെ . വളരുന്ന പുതുതലമുറയ്ക്ക്
വിവരസാങ്കേതികവിദ്യയുടെ അറിവു പകരുന്ന സംരംഭമായ *little kites* -ന്റെ സംഭാവനയാണ് ഈ സംരംഭം . *little kites* അംഗങ്ങളുടെ പ്രയത്നത്തിന്റെ പ്രതിഫലവും പഠനത്തിന്റെ പ്രകടനവുമാകട്ടെ ഈ *tech book* ...

എഡിറ്റർ

# ചരിത്രം

## എന്റെ വീടായ വിദ്യാലയം




ദൈവത്തിന്റെസ്വന്തം നാടായ കേരളത്തിലെ കോട്ടയം ജില്ലയിൽ പ്രകൃതി സൗന്ദര്യം വഴിഞ്ഞൊഴുകുന്ന പെരിങ്ങുളം എന്ന ഗ്രാമത്തിലാണ് എന്റെ വിദ്യാലയം. പെരിങ്ങുളത്തിന്റെ സംസ്കാരവും മഹിമയും ഉൾക്കൊണ്ടു കൊണ്ട് തലമുറകൾക്കു വിദ്യ പകർന്നുനൽകി മാനവ പുരോഗയിൽ സജീവ പങ്കാളിയായി നിൽക്കുന്ന സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ.



1926-ൽ താൽക്കാലിക കെട്ടിടത്തിൽ റവ. ഫാ. അഗസ്റ്റിൻ

മറപ്പള്ളിയിൽ  അച്ചന്റെ സഹായത്തോടെ സ്കൂളിന് ആരംഭം കുറിച്ചു. അച്ചനോടുള്ള ബഹുമാനവും ആദരവും നന്ദിയും സ്നേഹവും അറിയിക്കുന്നതിനായി സ്കൂളിന് സെന്റ് അഗസ്റ്റിൻസ് എന്ന പേരാണ് എല്ലാവരും കുടിയിട്ടത്. പിന്നീട് 1938-ൽ യു.പി സ്കൂൾ പൂർത്തീയാക്കപ്പെട്ടു.  1981-ൽ ബഹുമാനപ്പെട്ട തോമസ് വള്ളവംകോട്ട് അച്ചന്റെ നേതൃത്വത്തിൽ ഗ്രൗണ്ടും ഹൈസ്കൂൾ കെട്ടിടവും പണിയിൻ തുടങ്ങി. ആദ്യമായി 1982-ലാണ് എസ്.എസ്.എൽ.സി പരീക്ഷ വച്ചത്.  2001-2002 അദ്ധ്യയന വർഷത്തിൽ സ്കൂളിലെ കുട്ടികളുടെ മികച്ച പഠനത്തിനായി കംപ്യൂട്ടർ കെട്ടിടം നിർമ്മിക്കുകയും ചെയ്തു.

കാലാകാലങ്ങളായി  തുടർന്നു  വരുന്ന സംസ്കാരമാണ്  അദ്ധ്യാപകർ  കുട്ടികളോടു  കാണിക്കുന്ന സ്നേഹം. അദ്ധ്യാപകരുടെ ഒത്തൊരുമയും  അദ്ധ്യാപകർ കുട്ടികളോടു  കാണിക്കുന്ന  കരുതലും  സ്നേഹവുമാണ്  കുട്ടികളുടെ മനസ്സിനെ ഉണർത്തുന്നത്. പഠനത്തിന് എന്തു പ്രശ്നം വന്നാലും അദ്ധ്യാപകരോട് തുറന്നു പറയാനുള്ള മനസ്സ് ഉണ്ടാകുന്നു. ഇത് ഈ സ്കൂളിന്റെ നേട്ടമാണ്.

**എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് തുടർച്ചയായി പന്ത്രണ്ടാം തവണയും 100% വിജയം നേടിയ ഏറ്റവും നല്ല വിദ്യാലയങ്ങളിലൊന്നായി ഈ സ്കൂൾ അറിയപ്പെടുന്നു.**

ഈ സ്കൂളിന്റെ ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ ശ്രീ.അലോഷ്യസ് അബ്രാഹം സാർ ആണ്. ഞങ്ങളുടെ സ്കൂളിൽ 350 കുട്ടികളുണ്ട്. അതിൽ 52 കുട്ടികളാണ് എസ്.എസ്.എൽ.സി പരീക്ഷ എഴുതുവാൻ പോകുന്നത്. അവർക്ക് പ്രത്യേകമായി ടീച്ചർമ്മാർ സ്പെഷ്യൽ ക്ലസ്സുകൾ എടുക്കുന്നു. എല്ലാവരേയും ഒരുപോലെ കാണുന്നു.



കുട്ടികളുടെ കഴിവ് ഉണർ ത്തുന്നതിനായി Little Kites, Red Cross, വിവിധ ക്ലബ്ബുകൾ, ഗ്രൂപ്പുകൾ, സയൻസ് വർക്കുകൾ, യൂത്ത് ഫെസ്റ്റിവൽ, സ്പോർട്ട്സ് ,ശാസ്ത്രമേള തുടങ്ങി



നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. മികച്ച പ്രകടനം കാഴ്ച്ച വയ്ക്കുന്നവർക്ക് സർ



ട്ടിഫിക്കറ്റുകൾ നൽകുന്നു. ഓരോ മാസവും ക്ലാസിൽ എല്ലാ വിഷയത്തിനും നല്ല മാർക്ക് മേടിച്ച കുട്ടികൾക്ക്



പ്രൊഫിഷ്യൻസി പ്രൈസ് നൽകി ആദരിക്കുകയും ചെയ്യുന്നു.



ഹൈസ്കൂളിലെ എല്ലാ ക്ലാസ് മുറികളും ഹൈടെക്ക് ആണ്. ഓരോ വിഷയങ്ങളും വളരെ ആഴത്തിൽ ഗ്രഹിക്കാൻ ഇതു വഴി സാധിക്കുന്നു.കുട്ടികളെ പോലെതന്നെ അമ്മമാരെയും സ്മാർട്ടാക്കുവാൻ വേണ്ടി സ്മാർട്ട് അമ്മ എന്നൊരു പ്രോഗ്രാം സെന്റ് അഗസ്റ്റിൻ ഹൈസ്കൂളിൽ അവതരിപ്പിച്ചു. എല്ലാ ബുധനാഴ്ച്ചകളിലും ലിറ്റിൽ കൈറ്റിന്റെ ക്ലാസുകളും കമ്പ്യൂട്ടർ ലാബിൽ പ്രത്യേക പരിശീലനങ്ങൾ നല്കുകയും ചെയ്തു വരുന്നു.





ഈ കഴിഞ്ഞ വർഷത്തിൽ എല്ലാവർക്കുമായി LED ബൾബ് നിർമ്മിക്കാൻ പഠിപ്പിച്ചു. പിന്നീട് ഭക്ഷണ സുരക്ഷയെ പറ്റിയും ജങ്ക് ഫുഡിനെ പറ്റിയും വ്യക്തി ശുചിത്വത്തെ പറ്റിയും ഞങ്ങൾക്ക് മനസ്സിലാകുന്ന വിധത്തിൽ ഒരു നല്ല ക്ലാസ് എടുത്തു. പഠനത്തിന് പുരോഗതി നല്കുന്നതിനായി വയനാട്ടിൽ നിന്ന് ഉമ്മറുമാഷിനെ

ഹെഡ്മാസ്റ്റർ സാർ ഞങ്ങളുടെ സ്കൂളിലേക്ക് ക്ഷണിച്ചു. പഠനവിഷയങ്ങളെ എങ്ങനെ കൂടുതൽ എളുപ്പവും രസകരവുമായി മനസ്സിലാക്കി പഠിക്കാം എന്ന് ഉമ്മറുമാഷ് പറഞ്ഞുതന്നു.



ഹെഡ്മാസ്റ്റർ സാർ ഈ വർഷം പ്രധാനമായും പറഞ്ഞത് ചെടികൾ നടുക



അവയെ സംരക്ഷിക്കുക എന്നതാണ്. അതിനായി റെഡ് ക്രോസ് ടീമിനെ നിയിമിച്ചു.

നമ്മുടെ സ്കൂൾ വരൾച്ചയുള്ള സ്കൂൾ അല്ല. പച്ചപ്പ് നിറഞ്ഞ സ്കൂളാണ് എന്ന് സാർ അസ്സംബ്ലിയിൽ പറഞ്ഞു. സ്കൂളിന്റെ ഉന്നത പുരോഗതിക്കായി അടച്ചുറപ്പുള്ള പാചകശാലയും പ്രകൃതിയെ സ്നേഹിക്കുന്ന മൽസ്യങ്ങളെ സംരക്ഷിക്കുന്നതിനായി



മീൻകുളവും നിർമ്മിച്ചു.കുട്ടികൾ കളികളിൽ ഏർപ്പെടുന്നതിനായും ആരോഗ്യമുള്ള ജിവിതം നയിക്കുന്നതിനായും സ്പോർട്ട്സ് ഡേ നടത്തുകയും എല്ലാ കുട്ടികളും പങ്കെടുക്കുയും അതിൽ മികച്ച പ്രകടനം കാഴ്ച



വയ്ക്കുകയും ചെയ്തു. സ്കൂളിന്റെ ഇത്തരം പ്രവർ ത്തനങ്ങളെ

നയിക്കുന്നതിനായി മാതാപിതാക്കളും അദ്ധ്യാപകരും പി. റ്റി.എ അംഗങ്ങളും ഇതിൽ പങ്കുചേരുകയും ചെയ്തു .



# ലിറ്റിൽ കൈറ്റ്സ് വാർഷിക റിപ്പോർട്ട്

പെരിങ്ങുളം സെന്റ്.അഗസ്റ്റിൻസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആദ്യ ബാച്ചിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾ 2019 ജൂൺ മാസം 11-ാം തീയതി ബഹു.ഹെഡ്മാസ്റ്റർ ശ്രീ.അലോഷ്യസ് സർ ഉദ്ഘാടനം ചെയ്തു.

## ONE DAY CAMP

ജൂൺ 15 -ാം തിയതി,ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കായ് one day camp നടന്നു.

## LED BULB നിർമ്മാണം




ലിറ്റിൽ കൈറ്റ്സിന്റെയും സമാർട്ട് എനർജി ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ LED BULB നിർമാണ പരിശീലന പദ്ധതി നടത്തി. വിദ്യാർത്ഥികളും, മാതപിതാക്കളും,അദ്ധ്യാപകരും,പൂർവ്വവിദ്യാർത്ഥികളും പരിശീലന പദ്ധതിയിൽ പങ്കെടുത്തു.

# DIGITAL PAINTING



ഓണാഘോഷ പരിപാടിയോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്തത്തിൽ digital അത്തപ്പൂക്കള മത്സരം നടന്നു. വിജയികളായവർ ഉപജില്ല മത്സരങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.



# SMART അമ്മ

അമ്മമാർക്കായി ഇന്റെർ നെറ്റ് യുഗത്തെക്കുറിച്ചും, അമ്മമാർ അറിഞ്ഞിരിക്കേണ്ട കുട്ടികളുടെ ഇന്റെർനെറ്റ്



പാഠ്യവിഷയത്തെക്കുറിച്ചും ലിറ്റിൽ കൈറ്റ്സ് മാസ്റ്റേഴ്സും കുട്ടികളും ക്ലാസ്സ് എടുത്തു.

## VIDEO CONFERENCE



അമ്മമാർക്കായുള്ള പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സാന്നിധ്യവും പരിശീലനത്തെക്കുറിച്ചും കേരളത്തിലെ എല്ലാ സ്കൂളിലെയും ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കായി video conference നടന്നു. നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും അതിൽ പങ്കെടുത്തു.

## I.T. TRAINING

ഇന്റർവൽ സമയങ്ങളിൽ വിദ്യാർത്ഥികൾക്കായി ലാബ് തുറന്നു കൊടുക്കുകയും പരിശീലനം നടത്തുകയും ചെയ്യുന്നു.



## MALAYALAM TYPING

സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കുമായ് മലയാളം ടൈപ്പിങ് മത്സരം നടത്തുകയും അതിൽ വിജയിച്ചവർ ഉപജില്ല മത്സരങ്ങളിൽ പങ്കെടുക്കുകയും ഗ്രേഡുകൾ കരസ്ഥമാക്കുകയും ചെയ്തു.

## SUB DISTRICT I.T. FEST

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഐ.ടി മേളയിൽ വിവിധ ഇനം മത്സരങ്ങളിൽ പങ്കെടുക്കുകയും ഗ്രേഡുകൾ കരസ്ഥമാക്കുകയും ചെയ്യുന്നു.

## LITTLE KITES CAMP



ഈരാറ്റുപേട്ട മുസലീം ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടന്ന ക്യാമ്പിൽ പെരിങ്ങുളം ലിറ്റിൽ കൈറ്റ്സ്

അംഗങ്ങൾ പങ്കെടുക്കുകയും അവിടെ നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ യഥാസമയം ഉൽസാഹത്തോടെ പൂർത്തിയാക്കുകയും ചെയ്തു.

പ്രതിഭകളെ ആദരിക്കൽ പരിപാടിയിൽ Shooting,Editting എന്നീ വർക്കുകൾക്ക് ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ നേതൃത്വം വഹിച്ചു.



# MOTHER



*Mother Mother Mother!!*
*A caretaker and a teacher*
*Who taught me things*
*Better!Better!Better!*
*A secret keeper and*
*a friend who never*
*Betray,The special one*
*Who cares and loves me*
*Unconditional!!!*
*You are a super women*
*You are the one who manages*
*all the work on time.*
*Which makes you the super*
*MOTHER!!*

Anjana Anil

# ദൈവത്തിന്റെ ഷൂസ് പോളീഷ് ചെയ്യാൻ



മതകാര്യങ്ങളിൽ അഗാധ പാണ്ഡിത്യമുള്ള ആളായിരുന്നു മൺസൂർ.അദ്ദേഹം ഒരിക്കൽ ഒരു ആട്ടിടയൻ പ്രാർത്ഥിക്കുന്നതു കേട്ടു.ഇപ്രകാരമായിരുന്നു ആട്ടിടയന്റെ പ്രാർത്ഥന:

"ദൈവമേ അങ്ങ് എവിടെയാണ്?

അങ്ങയെ സാഹായിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.അങ്ങയുടെ മുടി ഞാൻ ചീകിത്തരാം.അങ്ങയുടെ ഷൂസ് ഞാൻ പോളീഷ് ചെയ്തുതരാം.വസ്ത്രം ഞാൻ അലക്കിത്തരാം.

അങ്ങേയ്ക്ക് ഞാൻ പാൽ കൊണ്ടു വന്നു തരാം.എന്റെ ആടുകൾ എല്ലാം അങ്ങയുടെതാണ്.അങ്ങയുടെ താമസസ്ഥലം ഞാൻ അടിച്ചു വൃത്തിയാക്കിത്തരാം.അങ്ങ് എപ്പോഴാണ് ഉറങ്ങാൻ പോകുന്നത്? അതിനു മുമ്പായി അങ്ങയുടെ കാലുകളിലും കൈകളിലും ഞാൻ മുത്തം നൽകാം................"

ആട്ടിടയന്റെ പ്രാർത്ഥന ഈ രീതിയിൽ പുരോഗമിക്കുമ്പോൾ മൺസൂറിന് ദേഷ്യം വന്നു.

നിങ്ങൾ ആരോടാണ് സംസാരിക്കുന്നതെന്ന് ആട്ടിടയനോട് ചോദിച്ചു. നമ്മെയും ഈ ഭൂമിയെയും അതിലെ ചരാചരങ്ങളെയും സ്രഷ്ടിച്ചവനോടെന്നു ആട്ടിടയൻ മറുപടി പറഞ്ഞു.

"ദൈവത്തോട് പ്രാർത്ഥിക്കുന്ന ഒരു രീതി!" മൺസൂർ പുച്ഛസ്വരത്തിൽ പറഞ്ഞു. "ദൈവത്തോടാണോ ഷൂസ് പോളിഷ് ചെയ്തു തരാമെന്നും മുടി ചീകിത്തരാമെന്നും ഒക്കെ പറയുന്നത്? മുടിയുള്ളവനല്ലേ അത് ചീകേണ്ടതായിട്ടുള്ളു. ഷൂസ് ഉള്ളവനല്ലേ അത് പോളീഷ് ചെയ്യേണ്ടതുള്ളൂ. ദൈവത്തിന് മുടിയുണ്ടോ? അവിടുത്തേക്ക്

വിശപ്പുണ്ടോ? നിങ്ങൾ സ്വന്തം അമ്മാച്ചനോട് സംസാരിക്കുന്നത് പോലെയാണല്ലോ ദൈവത്തോട് സംസാരിക്കുന്നത്. അത് ദൈവദൂഷണമാണ്. അവിടുത്തോട് അത്രലോഹ്യമായി സംസാരിക്കുന്നതിന് നമുക്ക് ആരാണ് സ്വാതന്ത്ര്യം നൽകിയിരിക്കുന്നത് ?

ശരീരവും ഭക്ഷണവുമൊക്കെ നദിയുടെ ഇക്കരെയുള്ള നമ്മുടെ കാര്യങ്ങളാണ്.അക്കരെ നിൽക്കുന്ന ദൈവത്തോട് സംസാരിക്കാൻ അവിടുത്തേക്ക് സ്വീകാര്യമായ വാക്കുകൾ ഉപയോഗിക്കണം.മനുഷ്യരുടെ രീതിയിലേക്ക് അവിടുത്തെ തരം താഴ്ത്തരുത്.'

" ദൈവമേ, എന്നോട് ക്ഷമിക്കു."നെഞ്ചത്തടിച്ച് വിലപിച്ച് കൊണ്ട് ആട്ടിടയൻ പറഞ്ഞു.അതിനു ശേഷം അയാൾ തന്റെ ആടുകളുടെ പിന്നാലെ പോയി.

പെട്ടെന്ന് ദൈവത്തിന്റെ സ്വരം മൺസൂർ കേട്ടു: "നീ എന്താണ് ചെയ്തത് ? എന്റെ ഒരു വിനീത ഭക്തനെ നീ എന്നിൽ നിന്ന് അകറ്റിക്കളഞ്ഞില്ലേ ? നിന്റെ ജോലി എന്റെ ഭക്തരെ എന്നിലേക്കു കൂടുതൽ അടുപ്പിക്കുകയല്ലേ ? ഓരോരുത്തരും ഓരോ കാര്യങ്ങൾ കാണുകയും കേൾക്കുകയും അറിയുകയും അവയെക്കുറിച്ച് സംസാരിക്കുകയും

ചെയ്യുന്നത് ഓരോ രീതിയിലാണ്. ഒരാൾക്ക് ശരിയാണെന്നു തോന്നുന്ന കാര്യം മറ്റൊരാൾക്ക് തെറ്റായി തോന്നിയേക്കാം.

എന്നെ ആരാധിക്കുന്ന രീതികൾ തരം തിരിച്ച് ചെയ്ത്  നീ സമയം കളയേണ്ട. ആരാധനയിലൂടെ മഹത്വപ്പെടുന്നതു ഞാനല്ല, എന്റെ ആരാധകർ തന്നെയാണ്. അവരുടെ വാക്കുകളല്ല ഞാൻ കേൾക്കുന്നത്. അവരുടെ ഹൃദയമാണ് ഞാൻ കാണുന്നത്. അവരുടെ ഭാഷയല്ല പ്രധാനം പ്രതൃത, ആശ്വാസത്തിനായി കേഴുന്നവരുടെ ഹൃദയമാണ്.

മൺസൂർ,  പാവപ്പെട്ട ആട്ടിടയന്റെ തെറ്റായ പ്രാർത്ഥന മറ്റു നൂറു പേരുടെ ശരിയായ പ്രാത്ഥനയെക്കാൾ ശ്രേഷ്ഠമാണ്. എന്നെ സ്നേഹിക്കുന്നവനെ നീ തടയേണ്ട. അവൻ അവനറിയാവുന്ന രീതിയിലൊക്കെ എന്നെ അന്വേഷിക്കുകയും എന്നോട് പ്രാർത്ഥിക്കുകയും ചെയ്യട്ടെ.”

ദൈവത്തിന്റെ സന്ദേശം ലഭിച്ചപ്പോൾ താൻ ചെയ്തത് വലിയ തെറ്റായിപ്പോയെന്നു മൺസൂറിന് ബോധ്യമായി. അദ്ദേഹം പശ്ചാത്താപ വിവശനായി

ആട്ടിടയനെ തേടിപ്പോയി. കുറെ കഴിഞ്ഞപ്പോൾ അദ്ദേഹം ആട്ടിടയനെ കണ്ടെത്തി.മൺസൂർ ആട്ടിടയന്റെ കരം ഗ്രഹിച്ച കൊണ്ട് പറഞ്ഞു: "എനിക്കു തെറ്റിപ്പോയി. ദൈവത്തെ എങ്ങനെ ആരാധിക്കണമെന്ന പറയാൻ ഞാൻ ആളല്ല. നിങ്ങളുടെ ഹൃദയത്തിലെന്തു തോന്നുന്നുവോ അത് നിങ്ങൾ ദൈവത്തോട് പറഞ്ഞുകൊള്ളൂ. നിങ്ങളുടെ വാക്കുകൾ ദൈവദൂഷണമാണെന്ന് എനിക്കു തോന്നി. ദൈവത്തിനത് യഥാർത്ഥ ഭക്തിയായി അനുഭവപ്പെട്ടു." ഉടനെ ആട്ടിടയൻ പറഞ്ഞു:"അങ്ങ് എന്നെ**ശാസിച്ചത് നന്നായി."**

**ദൈവവുമായി ഹൃദയസംഭാഷണം നടത്തുന്ന ആട്ടിടയന്റെ ചിത്രമാണ് ഈ കഥ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.**

# കരളലിയിക്കുന്ന ഓർമ്മ

മനസിനെന്നും കുളിർമ്മയും സന്തോഷവും നൽകുന്ന വാക്കാണ് അമ്മ. ജനിച്ചു വീഴുന്ന ഏതൊരു കുഞ്ഞും ആദ്യമായി ഉച്ചരിക്കുന്ന വാക്കും അമ്മ എന്നു തന്നെ. മാതൃവാൽസല്യങ്ങൾക്ക് മുമ്പിൽ ശിരസു നമിക്കുമ്പോൾ ഓർക്കേണ്ടതുണ്ട് ഞാനും അമ്മയാവേണ്ടവളാണെന്ന്. അമ്മമനസ് മക്കളുടെ ചാരത്താണ്. ആഘോഷത്തിമർപ്പുകൾക്കിടയിൽ വീഞ്ഞുകുടങ്ങൾ ശൂന്യമാകുന്നത് ഗൃഹനാഥൻ പോലും തിരിച്ചറിയാതിരിക്കുമ്പോഴും അറിയുന്ന ഒരുവൾ നമുക്കൊപ്പമുണ്ട്. തിരിച്ചറിവുകൾ അവനിലെത്തിക്കും. വീഞ്ഞു വറ്റിപ്പോയ ജീവിത മൺകുടങ്ങളുമായി അവന്റെ പക്കലണയാൻ ആ അമ്മ സാന്നിധ്യം കൂടിയേ തീരൂ. സമയത്തിനു മുമ്പേ നിന്റെ ജീവിത കൽഭരണികളിൽ സ്നേഹത്തിന്റെ വീഞ്ഞു നിറയ്ക്കാൻഅമ്മ പറഞ്ഞതു കൊണ്ടാവാം ഇന്നും നീ ഒരത്ഭുതമായി നിലകൊള്ളുന്നത്.

പിഴക്കുന്ന വ്യാകരണങ്ങൾക്കും തെറ്റുന്ന ഗുണിതങ്ങൾക്കും ഇടയിൽ നിന്ന് കരഞ്ഞു തളർന്ന് ഓടി വരുന്ന നമുക്കു നേരെ ഇരുകരങ്ങളും വിരിച്ചുപിടിച്ച് നിൽക്കുന്ന അമ്മ .അമ്മ ഒരു നേരത്തേയ്ക്കോ അല്ലെങ്കിൽ ഒരന്തിക്കോ ഇല്ലാതെ വരുമ്പോഴാണ് അമ്മ നമ്മിലേൽപിച്ച സ്വാധീനം എത്രയായിരുന്നുവെന്ന്, വീടിന്റെ

അസ്ഥിവാരം തന്നെയും അമ്മയായിരുന്നുവെന്ന് മനസിലാക്കാൻ കഴിയുന്നത്.

പുരോഗതിയിൽ നിന്നും പുരോഗതിയിലേയ്ക്ക് കുതിച്ചുകൊണ്ടിരിക്കുന്ന, മാധ്യമങ്ങളുടെ അതി പ്രസരത്തിൽ മുങ്ങിക്കുളിക്കുന്ന ഈ 21-ാം നൂറ്റാണ്ടിലും, ഭർത്താവിനും മക്കൾക്കും വേണ്ടി പരാതിയും പരിഭവവും ഇല്ലാതെ അടുക്കളക്കോലായാലും കരിപാത്രങ്ങൾക്കിടയിലും എരിഞ്ഞുതീരുന്ന അമ്മ ജീവിതങ്ങൾ വിശുദ്ധിയുടെ നേർക്കാഴ്ച കളല്ലേ.കൂടെ ജീവിക്കുമ്പോൾ എന്തേ ഞാൻ തിരിച്ചറിയാതെ പോകുന്നത് അമ്മയായിരുന്നു എനിക്കെല്ലാമെന്ന്.

ഗർഭത്തിൽ ഉരുവായ നിമിഷം മുതൽ എനിക്കായ് സ്വപ്നങ്ങൾ നെയ്ത് ജീവിതവസന്തത്തിലെത്തി നിൽക്കുന്ന ഇപ്പോൾ വരെ താങ്ങായ് തണലായി നിന്ന് സ്വന്തം സുഖസന്തോഷങ്ങൾ ത്യജിച്ച് , ചങ്കുപറിച്ച് തന്ന് സ്നേഹിച്ച അമ്മയുടെ നെഞ്ചിൽ ചവിട്ടി ഇന്നലെ കണ്ടവന്റെകൂടെ ഇറങ്ങിപ്പോകാൻ മാത്രം ക്രൂരയായിപ്പോയോ ഞാൻ ഇല്ല ഒരിക്കലും ഞാനെന്റെ അമ്മയെ വേദനിപ്പിക്കില്ല. എനിക്ക് വേണം എന്റെ അമ്മയെ .അമ്മയുടെ അനുഗ്രഹാശിസുകളില്ലാത്തൊരു ജീവിതം എനിക്കുവേണ്ടാ. കൗമാരത്തിന്റെ മോഹസങ്കൽപങ്ങളിൽ ഉടച്ചുകളയാനല്ല എന്റെ കുശവൻ ഈ കളിമൺപാത്രത്തെ മെനഞ്ഞത് .

മുസ്തഫയെന്ന ഒരു ഡ്രൈവറെ മൈസൂർ റോഡുകളിൽ വച്ച് കൊള്ളക്കാർ പിടികൂടി അയാളുടെ കൈവശമുള്ളതൊക്കെ അവർ കവർന്നെടുത്തു . പിന്നീട് അവർ ചോദിച്ചു ഇനി വല്ലതും ഉണ്ടോ ? മുസ്തഫ അപ്പോൾ രഹസ്യകീശയിൽ വച്ച പണം കീടി എടുത്തുനീട്ടി . കൊള്ളക്കാർ പരിഹസിച്ചാർത്തുവിളിച്ചു . അവർ ചോദിച്ചു എടാ പോഴാ നിനക്കതെങ്കിലും സൂക്ഷിച്ചു വയ്ക്കാൻ പാടില്ലായിരുന്നോ ? മുസ്തഫ അപ്പോൾ അവരോട് പറഞ്ഞു : എന്റെ അമ്മ ഒത്തിരി കാര്യങ്ങൾ എന്നെ പറഞ്ഞ് പഠിപ്പിച്ചിട്ടുണ്ട്. അതിലൊന്ന് ഒരിക്കലും നുണ പറയരുതെന്നാണ്.

കൊള്ളത്തലവൻ നെടുവീർപ്പെട്ടത് തെല്ലച്ചസ്ഥായായിൽ ആയിപ്പോയി. എനിക്കിത്തരം ഒരമ്മ ഉണ്ടായിരുന്നെങ്കിൽ... അയാളുടെ മിഴികൾ നനയുന്നത് ഇരുളിലും മുസ്തഫ കണ്ടു. ലോകത്തിനിയും അമ്മമാർ മതിയായിട്ടില്ല എന്ന അറിവായിരിക്കണം അമ്മകന്യകമാരുടെ ആത്മീയ ഇന്ധനം .

ഐവിൻ

## ഉപന്യാസം

# വിദ്യാഭ്യാസത്തിന്റെ മനശാസ്ത്രപാതയിൽ

ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സിന്റെ സൃഷ്ടിയാണ് വിദ്യാഭ്യാസം. വിദ്യഭ്യാസ ചിന്തകനായ അരിസ്റ്റോട്ടിലിന്റെ വാക്കുകളാണിവ. വിദ്യാഭ്യാസത്തെ സംബന്ധിച്ച് വിവിധ ദാർശനികർ ഒട്ടനവധി കണ്ടെത്തലുകൾ  മുന്നോട്ട് വച്ചിട്ടുണ്ട്. ഇതിൽനിന്നെല്ലാം ഉരുത്തിരിഞ്ഞുവരുന്ന വിദ്യാഭ്യാസത്തിന്റെ യതാർത്ഥമായ ലക്ഷ്യം വക്തിയുടെ സമഗ്രവികസനമാണ്.

ഒരു വ്യക്തിയെ സാമൂഹികമായും സാംസ്കാരികമായും ഉന്നമനത്തിലേക്ക് നയിക്കുവാൻ വിദ്യാഭ്യാസം സഹായിക്കുന്നു. എന്നാൽ പലപ്പോഴും വിദ്യാഭ്യാസത്തിന്റെ ഈ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടാതെ വരാറുണ്ട്. ആധുനിക കാലഘട്ടത്തിൽ പലപ്പോഴും വിദ്യാഭ്യാസത്തെ തെറ്റായ രീതിയിൽ വ്യാഖ്യാനിക്കപ്പെടാറുണ്ട് .

**വിജ്ഞാനസമ്പാദനവും തൊഴിൽസമ്പാദനവും മാത്രം വിദ്യാഭ്യാസം ലക്ഷ്യം വയ്ക്കുമ്പോൾ വിദ്യാഭ്യാസത്തിന്റെ ധാർമികവും സന്മാർഗികവുമായ വശങ്ങൾക്ക് വിള്ളലേൽക്കപ്പെടുന്നു.**

**വ്യക്തിയുടെ ആത്മസാക്ഷാത്കാരത്തിനുതകുന്ന രീതിയിൽ വർത്തിക്കുവാൻ വിദ്യഭ്യാസത്തോളം ശക്തമായ മറ്റൊരുപാധിയില്ല.**

**ചുരുക്കിപ്പറഞ്ഞാൽ, ഒരു വ്യക്തിയുയയടെ ശാരീരിക,മാനസിക,ബൗദ്ധിക,സാമൂഹിക,സന്മാർഗ്ഗിക വികസനത്തിന് വിദ്യാഭ്യാസം ഉപയുക്തമാണ്.**

***ദിയ***

# കാർമേഘം



മനം പോലെ മാനവും

ഇരുളുന്നു വീണ്ടും

പെയ്തൊഴിയുന്നില്ല

ഒരുതുള്ളിപോലും

ഘനമേറെയാണതാനും

ആർത്തലച്ചുപെയ്യണം

മൃദുവായ് വീണ്ടും

വാനിലേക്കുണർന്നുയരാൻ

ഈ ചക്രമിതുപോൽ തുടരുവാൻ

*EDWIN SIJUMON*

# 'മരം വെട്ടല്ലേ'



വെട്ടല്ലേ കുഞ്ഞേ മാമരങ്ങൾ
വെട്ടല്ലേ കുഞ്ഞേ തൈമരങ്ങൾ
നമ്മുടെ നാടിനെ ശീതളമാക്കുന്ന
നൽവരമാം മരം വെ ജീവൻതുടിച്ചുട്ടീടല്ലേ

മാമരംവെട്ടിയാലാറു വറ്റും
മാമല നാടിനു നഷ്ടമേറും
കാട്ടാറുപോലും വരണ്ടുപോകും
കാട്ടിലെ പൂക്കൾ കൊഴിഞ്ഞുപോകും

പച്ചിലച്ചാർത്തു കരിഞ്ഞുപോകും
പച്ചവെള്ളത്തിനും ക്ഷാമമാകും
ഉച്ചക്കൊടുംവെയിൽ ഏറ്റുനമ്മൾ
കത്തിയുരുകി ദ്രവിച്ചുപോകും

ജീവൻതുടിച്ച തുളുമ്പിനിൽക്കും
താഴ്‌വരയെല്ലാം കരിഞ്ഞുപോകും
മാമണിപ്പാടം വരണ്ടുപോയാൽ
പാവം ജനതകളെന്തുതിന്നും?

ജുവൽ

# ഉടഞ്ഞ മൺപാത്രം



അമ്മയ്ക്ക താങ്ങായ് തണലായി
നിന്നൊരു മൺപാത്രം ഇന്ന്
ഉടഞ്ഞുപോയി
ഉടഞ്ഞതല്ലാ പാത്രം
ഉടച്ചതാണെന്നോർത്ത്
അമ്മ തൻ മിഴികൾ നനഞ്ഞുപോയി .
ഇല്ലില്ല സ്വന്തമായൊരു മൺപാത്രം പോലും
പൂർവ്വകാലത്തിന്റെ ബാക്കിയായി .
ശിഷ്ടകാലം ഇന്ന് പൊട്ടിച്ചിതറിയ
മൺപാത്രം പോലെയാകുമെന്നോർത്ത്
അമ്മ തൻ നെഞ്ചുരുകീടുന്നു .
അച്ഛന്റെ കാലത്ത് മക്കൾക്ക് ഞാനൊരു
ദേവിയാണെന്നതും സ്മരിച്ചുകൊണ്ടാ
മൺപാത്രത്തിന്റെ  പൊട്ടിച്ചിതറിയ
ശിഷ്ടഭാഗം സ്വന്തമാക്കാൻ നീങ്ങിടുമ്പോൾ
തിരിഞ്ഞു നോക്കിയാ അമ്മ കണ്ടത്
പൂട്ടിയ വാതിൽ പടികൾ മാത്രം .
ഇത്ര ജന്മം താനുരുകിതീർന്നതോയി
പൂട്ടിയ വാതിൽ പടികൾ കാണാൻ !

മെറിൻ

# പൈഥഗോറസ്

ഗ്രീക്ക് തത്വചിന്തകനും ഗണിതജ്ഞനുമായ പൈഥഗോറസാണ് ഭൂമി ഒരു ഗോളമാണെന്ന് ആദ്യമായി കണ്ടെത്തിയത്. ഏഷ്യാമൈനറിന്റെ തീരത്തുള്ള ഒരു ചെറിയ ദ്വീപായ സാമോസിൽ 580 ബി.സി യിൽ അദ്ദേഹം ജനിച്ചു എന്നാണ് വിശ്വസിക്കുന്നത്. പത്തൊൻപതാം വയസ്സുമുതൽ അക്കാലത്തെ ഏറ്റവും പ്രശസ്ത പണ്ഡിതനായ തെയിൽസിന്റെ ശിഷ്യനാകാൻ



അദ്ദേഹത്തിനു കഴിഞ്ഞു. തെയിൽസിന്റെ നിർദ്ദേശപ്രകാരം കൂടുതൽ വിജ്ഞാനം ആർജിക്കുവാൻ ഈജിപ്തിലെ തിബ്സ് നഗരത്തിലേക്കു പോവുകയും ധാരാളം അറിവു സമ്പാദിക്കുകയും ചെയ്തു.

ഈജിപ്ത് ബാബിലോണിയ, ബാഗ്ദാദ് ഭാരതം എന്നിവിടങ്ങളിൽ നിന്നെല്ലാം വിജ്ഞാനം ആർജ്ജിച്ച ശേഷം

പൈഥഗോറസ് സാമോസിൽ തിരിച്ചെത്തി തന്റെ വിജ്ഞാനം മറ്റുള്ളവർക്ക് പകർന്നു കൊടുത്തു.

ഒരു ത്രികോണത്തിന്റെ കോണുകളുടെ തുക $180^0$ ആണെന്നു കണ്ടെത്തിയതും പൈഥഗോറസ് ആണ്. തത്വചിന്തയും ഗണിതവും തമ്മിൽ പരസ്പരം ബന്ധിപ്പിച്ച പൈഥഗോറസ് സംഖ്യകളും ജ്യാമിതീയ രൂപങ്ങളും തമ്മിലുള്ള ബന്ധം ആവിഷ്കരിക്കുകയുണ്ടായി. ഇതിന്റെ ഫലമായാണ് ത്രികോണ സംഖ്യകൾ , സമചതുര സംഖ്യകൾ , പഞ്ചഭുജസംഖ്യകൾ , പൈതഗോറസിന്റെ സംഖ്യകൾ മുതലായവ രൂപപ്പെടുന്നത്.

മരിയ ഷെയ്സ്

# ഫലിതം

| | | |
|---|---|---|
| കുട്ടി അമ്മയോട് | : | ദൈവം നമ്മുടെ വീട്ടിൽ കുളിക്കാൻ വരുമോ അമ്മേ ? |
| അമ്മ | : | മോനെന്താ അങ്ങനെ ചോദിച്ചത് ? |
| കുട്ടി | : | എന്റെ ദൈവമേ നിന്റെ കുളി കഴിഞ്ഞില്ലേ എന്ന് മുത്തശ്ശി അടുക്കളയിൽ നിന്നു വിളിച്ചുചോദിക്കുന്നതുകേട്ടു ...... |



# A True Servant

*A king had a large number of slaves one of them was very black. He was true to the king loved him greatly.*

*One day the king went out on a camel. Some slaves walked in front of the king others went behind the king. The black slave rode on a horse by the side of his master.*

*The king had a box there were pearls in it. On the way the box fell down in a narrow street . It broke into pieces. The pearls rolled on the ground .*

*The king said to the slaves ran and gathered the pearls they took those pearls the black slave did not leave his place . He was by the side of his master. He guarded his master. He cared for the life of his master he did not care for the masters pearls . He was the true servant .*

*The king observed the attitude of the servant and gave him many gifts .*

*CHRISTO SAJI*

# അണക്കെട്ടുകൾ

നൈസർഗിക ജലപ്രവാഹത്തെ നിയന്ത്രിക്കുന്ന തിനുതിനോ ജലം സംഭരിക്കുന്നതിനോ വൈദ്യുതിഉത്പാതി പ്പിക്കുന്നതിനോവേണ്ടിനിർമ്മിക്കപ്പെടുന്ന



സംരചനകൾ. നദികളെ നിയന്ത്രിച്ച് ജലം ചൂഷണം ചെയ്യാൻ ചിറകളും അണക്കെട്ടുകളും പണിയാനുള്ള മനുഷ്യന്റെ ശ്രമങ്ങൾക്ക് ആയിരക്ക ണക്കിന് വർഷങ്ങളുടെ പഴക്കമുണ്ട്.വരണ്ട പ്രദേശങ്ങളിൽ മാത്രമല്ല നീരൊഴുക്കുള്ള പ്രദേശങ്ങളിലും നദികളിൽ അണകെട്ടി,



ജലം സംഭരിച്ച്, കനാലുകളിലൂടെ വിദൂരപട്ടണങ്ങളിലേക്കും കൃഷിയിടങ്ങളിലേക്കും വെള്ളമെ ത്തിക്കുക എന്നത് മാനവരാശിയുടെ പുരോഗതീസങ്കല്പങ്ങളുടെ അവിഭാജ്യഘടകമായിരിക്കുന്നു.ജോർ ദാനിലെ ജാവ എന്ന പട്ടണത്തിന്റെ ജലവിതരണപദ്ധതിയുടെ ഭാഗമായി ബി.സി.3000-ൽ നിർമിച്ച അണക്കെട്ടുകളായിരിക്കണം ലോകത്തെ ഏറ്റവും പഴക്കംചെന്നവ എന്നു കരുതപ്പെടുന്നു.

ആൽബിൻ ജോസി

# General Quiz

1. *Rabindranath Tagore won nobel prize in 1913 for the book...........*

*Ans:Gitanjali*

*2.National motto of India*

*Ans:Satyameva Jayate*

*3.Which state is know as Indian`s spice garden?*

*Ans:Kerala*

*4.Which university is first established in India?*

*Ans:University of Kolkata*

*5.Which is the first Indian artifical satellite?*

*Ans:Aryabhata*

*6.Which state in India share only one border with Indian state?*

*Ans:Sikkim*

*7.Who is the first Indian women who climb the Mount Everest?*

*Ans: Bachendri Pal*

*8.Which is the largest producer of tea in the world?*

*Ans:China*

*9. Which is the largest tropical rainforest in the world?*

*Ans:Amazon*

*10. Who is the first Governor general of India?*

*Ans:Lord William Benti*

Visakh



# മഹദ്വചനങ്ങൾ

- കൂടുതൽ മികവോടെ ആരംഭം കുറിക്കുവാനുള്ള അവസരമാണ് ഓരോ പരാജയവും

-ഹെൻറി ഫോർഡ്

- വഞ്ചനയിലൂടെ നേടുന്ന വിജയത്തേക്കാൾ അഭിമാനത്തോടെയുള്ള പരാജയമാണ് ഞാൻ ഇഷ്ടപ്പെടുന്നത്

-സോഫോക്ലീസ്

- കഴിഞ്ഞതോർത്തു ദുഃഖിക്കുന്നവൻ വിഡ്ഢിയാണ്

-കുമാരനാശാൻ

- മനുഷ്യൻ നിയമങ്ങൾക്കുവേണ്ടിയല്ല നിയമങ്ങൾ മനുഷ്യനുവേണ്ടിയാണ്

-സ്വാമി വിവേകാനന്ദൻ

- വേനൽക്കാലത്ത് സംഭരിക്കുന്ന മനുഷ്യൻ ബുദ്ധിമാനാണ്.കൊയ്ത്തുകാലത്ത് ഉറങ്ങുന്നവൻ ലജ്ജിക്കേണ്ടിവരും

-ബൈബിൾ

# Mother to son



*Well,son,I’l l tell you:*
*Life for me ain’t been no crystal stair.*
*It’s had takes in it,*
*And splinters,*
*And boards torn up,*
*And places with no carpet on the floor bare.*
*But all the time*
*I’se been a-climbin on,*
*And reachin’landin’s,*
*And turnin’corners,*
*And sometimes goin’in the dark*
*Where there ain’t been no light*
*So,boy,don’t you turn back.*
*Don’t you set down on the steps.*
*‘Cause you fall now---------*
*For I’se still goin”honey,*
*I’se still climbin”*
*And life for me ain’t been no crystal stair.*

Bibin KR & Albin Josy

# समयनिष्ठता का महत्व

एक सफल व्यक्ति का समय का पाबंद या समयनिष्ठ होना बहुत महत्वपूर्ण विशेषताओं में से एक है। यह गुण वाला व्यक्ति अपने कार्यों को सही समय पर या समय से पहले ही पूरा करता है। जब कभी भी मैं यह सोचती हूँ, तो वास्तव में आश्चर्यचकित हो जाती हूँ कि, क्या होगा जब देश के सभी और प्रत्येक नागरिक (छात्र, अधिकारी, शिक्षक, नेता, राजनीतिज्ञ, डॉक्टर, इंजीनियर, व्यापारी, आदि) समय के पाबंद हो जाएंगे। मेरे विचार से, यह सभी व्यवस्थाओं और कार्यों को सही रास्ते पर ले आएगा और और देश को महिमा और सफलता की ओर ले जाएगा। समयनिष्ठा एक अच्छी विशेषता है जिसे किसी भी उम्र में विकसित किया जा सकता है लेकिन बचपन से विकसित करना अच्छा है

**समय के पाबंद होने के लाभ**

एक अनुशासित और समय का पाबंद व्यक्ति हमेशा खुश, तंदरुस्त और स्वस्थ रहता है।वह उज्ज्वल भविष्य बनाने में लोगों की मदद करता है।ऐसे गुण वाला एक व्यक्ति समय पर अपने कार्य को पूरा किए बिना कभी भी आराम महसूस नहीं करता। वे सुबह को जल्दी उठता और दैनिक जीवन के सभी कार्यों को पूरा करता।अपने जीवन में लक्ष्यों की प्राप्ति के लिए विद्यार्थियों का समयनिष्ठ होना बहुत अधिक आवश्यक है। यह सबसे अच्छे गुणों में से एक है, जो विद्यार्थियों को अधिक सभ्य और सुसंस्कृत बनाता है। विद्यार्थियों को इस गुण को सही समय पर वस्तुओं को करने के लिए एक आदत की तरह विकसित करना चाहिए।

**समयनिष्ठता सफलता की कुंजी है**

यह बहुत ही सत्य है कि समयनिष्ठता सफलता की चाबी है क्योंकि, वह व्यक्ति जो समय के मूल्य और अर्थ को नहीं समझता, वह अपने जीवन में कभी भी सफलता प्राप्त नहीं कर सकता। सफल व्यक्ति होने का अर्थ है, अपने उस लक्ष्य तक पहुँचना, जिसे व्यक्ति अपने जीवन में प्राप्त करना चाहता है। यह उज्ज्वल भविष्य बनाने में उसकी की मदद करता है।

*समयनिष्ठा विद्यार्थियों का महान गुण होता है क्योंकि, यह उन्हें अनुशासन सिखाता है। इसके प्रयोग से, विद्यार्थी सभी जगहों पर सही समय पर प्रस्तुत हो सकते हैं; जैसे - विद्यालय, प्रयोगशाला, कक्षा, घर, परीक्षा कक्ष, प्रयोगात्मक कार्य आदि। वे स्कूल और घर दोनों में अच्छे से बेहतर प्रदर्शन कर सकते हैं। यह घर और स्कूल दोनों जगह पर विद्यार्थियों के आलस्य और नकारात्मक व्यवहार को हटाने में मदद करता है। एक अनुशासित और समयनिष्ठ विद्यार्थी स्कूल और समाज दोनों में सम्मान, पहचान और सामाजिक स्वीकृति प्राप्त करता है। उनकी अभिभावकों और शिक्षकों के द्वारा प्रशंसा की जाती है। इस संसार में समयनिष्ठता सभी सफल व्यक्तियों के जीवन का रहस्य होता है। यह पूरे संसार में आगे बढ़ने और सफलता प्राप्त करने का रास्ता साफ करता है। सफल व्यक्ति समय के मूल्य को जानने के साथ ही अपने जीवन में समय का उचित तरीके से उपयोग करना भी जानता है।*

# Short story

- A short story is a piece of prose fiction, which can be read in a single sitting. Emerging from earlier oral storytelling traditions in the 17th century, the short story has grown to encompass a body of work so diverse as to defy easy characterization. At its most prototypical the short story features a small cast of named characters, and focuses on a self-contained incident with the intent of evoking a "single effect" or mood. In doing so, short stories make use of plot, resonance, and other dynamic components to a far greater degree than is typical of an anecdote, yet to a far lesser degree than a novel. While the short story is largely distinct from the novel, authors of both generally draw from a common pool of literary techniques.
- Short stories have no set length. In terms of word count there is no official demarcation between an anecdote, a short story, and a novel. Rather, the form's parameters are given by the rhetorical and practical context in which a given story is produced and considered, so that what constitutes a short story may differ between genres, countries, eras, and commentators. Like the novel, the short story's predominant shape reflects the demands of the

available markets for publication, and the evolution of the form seems closely tied to the evolution of the publishing industry and the submission guidelines of its constituent houses.

- The short story has been considered both an apprenticeship form preceding more lengthy works, and a crafted form in its own right, collected together in books of similar length, price, and distribution as novels. Short story writers may define their works as part of the artistic and personal expression of the form. They may also attempt to resist categorization by genre and fixed formation.
- Longer stories that cannot be called novels are sometimes considered "novellas" or novelettes and, like short stories, may be collected into the more marketable form of "collections", often containing previously unpublished stories. Sometimes, authors who do not have the time or money to write a novella or novel decide to write short stories instead, working out a deal with a popular website or magazine to publish them for profit.

# School discipline

**School discipline** refers to the rules and strategies applied in **school** to manage student behavior and practices used to encourage self **discipline**. **School discipline** addresses school wide, classroom, and individual student needs through broad prevention, targeted intervention, and development of self-**discipline**.

**General Rules and regulations:**

- Students should treat school staff with respect at all times and be courteous to fellow students.
- Students will refrain from damaging any form of school property. The school reserves the right to be compensated by the student for any such damages.
- Students will refrain from littering and keep the school premises clean.
- Unacceptable behaviour including but not limited to irregular attendance, academic dishonesty, and neglect of homework, disruptive behaviour, loitering and disrespectful behaviour towards staff or fellow students will result in serious disciplinary action.
- Any form of bullying or ragging will result in a disciplinary committee review and could result in expulsion with a negative conduct certificate.
- Any misbehaviour or violation of school discipline will be dealt by the disciplinary committee and corrective action will be taken. In extreme cases parents will be called in to discuss the child's behaviour and may lead to suspension or expulsion from the school.
- The medium of instruction is English and students are expected to communicate in English at all times.

- It is compulsory to bring the school issued ID card to school every day. Not bringing the ID card could result in the child not being allowed into the school premises.
- For safety and security, parents should refrain from sending money with their child without specific written notice from the school.
- For safety and security, parents should refrain from sending valuables (like expensive jewellery, electronic items, etc.) to school

**Awesome Tips to Manage School Discipline Issues**

- Be Organized.
- Deal with Problems Right from the Start.
- Have Good Control Procedures.
- Teach the Procedures Well.
- Keep your Students Engaged.
- Move Around the Classroom.
- Develop a Rapport with the Students.
- Be Professional.

# ഗണിതശാസ്ത്രം ശാസ്ത്രങ്ങളുടെ രാജ്ഞി

ശാസ്ത്രലോകത്തിൽ ഗണിതശാസ്ത്രത്തിൻെറ സംഭാവന സ്തുത്യർഹമാണ് .ഇതരശാസ്ത്രശാഖകളെ തമ്മിൽ കോർത്തിണക്കുന്ന ഒരു അടിസ്ഥാനശാസ്ത്രമാണ് ഗണിതശാസ്ത്രം എന്നു പറയാം .ഏതൊരു ശാസ്ത്രത്തിൻെറയും ഉള്ളറകളിൽ നമ്മുക്ക് ഗണിതശാസ്ത്രത്തിൻെറ വേരുകൾ കാണാം .ഗണി-തശാസ്ത്രത്തിൽ പ്രാവീണ്യമുള്ള ഒരു വ്യക്തിക്ക് മറ്റേതു ശാസ്ത്രത്തെയും കൈയിലൊതുക്കാം. ശാസ്ത്രത്തിൻെറ വളർച്ചയിലൂടെ മനുഷ്യൻ നേടിയ സുഖ സൗകര്യങ്ങൾ വിസ്മയകരമാണെന്ന് പറയാതെ വയ്യ.ആധുനിക ശാസ്ത്രത്തിന്റെ സംഭാവനയായ കമ്പ്യൂട്ടർ ജീവിതത്തിൻെറ മിക്കവാറും എല്ലാ മേഖലയിലും ആധിപത്യം സ്ഥാപിച്ചു കഴിഞ്ഞു .മനുഷ്യൻ സൃഷ്ടിച്ച യജമാനനാകുമോ എന്നുപോലും സംശയിച്ചു തുടങ്ങിയിരിക്കുന്നു.

# SWEET MOMENTS



# LITTLE KITES BATCH 2019-2020(class-9)



# നന്ദി

***TECH BOOK*-ന്റെ താളുകൾ ഇവിടെ പൂർത്തിയാവുന്നു .**

**ഇവിടുന്നാണ് ഞങ്ങൾ ആരംഭിക്കുന്നത്.**

**വിവരവിനിമയസാങ്കേതികവിദ്യയുടെ ലോകത്തേക്ക് ഒരു കവാടം തുറന്നു കൊണ്ട്...........**

**എവർക്കും ഹൃദയം നിറഞ്ഞ നന്ദി.....**